പ്രസിദ്ധീകരണത്തിന്

ശബരിമലവിഷയത്തിന്റെ പേരിൽ എൻ.എസ്.എസ്സിനെതിരായുള്ള ചില ഇടതുപക്ഷനേതാക്കളുടെ വിമർശനം അതിരുകടക്കുന്നുണ്ട്.

എൻ.എസ്.എസ്സിന്റെ നിലപാട് വിശ്വാസവും ആചാരാനുഷ്ഠാനവും സംരക്ഷിക്കുക എന്നതാണ്. ഏതെങ്കിലും രാഷ്ട്രീയനിലപാടിന്റെ അടിസ്ഥാനത്തിലല്ല അതിനുവേണ്ടി ആദ്യം മുതൽ ഇറങ്ങിത്തിരിച്ചത്.

എൻ.എസ്.എസ്സിനോ, എൻ.എസ്.എസ്.നേതൃത്വത്തിലുള്ളവർക്കോ പാർലമെന്ററിമോഹങ്ങളൊന്നുംതന്നെയില്ല. സ്ഥാനമാനങ്ങൾക്കോ രാഷ്ട്രീയനേട്ടങ്ങൾക്കോ വേണ്ടി ഏതെങ്കിലും സർക്കാരുകളുടെയോ രാഷ്ട്രീയനേതാക്കളുടെയോ പടിവാതിൽക്കൽ പോയിട്ടുമില്ല.

വിശ്വാസസംരക്ഷണത്തിനും സാമൂഹ്യനീതിക്കും വേണ്ടിയാണ് ഇന്നോളം എൻ.എസ്.എസ്. നിലകൊണ്ടിട്ടുള്ളത്. എൻ.എസ്.എസ്. എന്നും വിശ്വാസം സംരക്ഷിക്കുന്നവർക്കൊപ്പമാണ്; അതിൽ രാഷ്ട്രീയം കാണുന്നുമില്ല.

പൊതുവായി പറഞ്ഞാൽ, ലോകത്തുള്ള ബഹുഭൂരിപക്ഷം ജനങ്ങളും – അവർ ഏതു മതത്തിൽപ്പെട്ടവരായാലും – അവരുടെ വിശ്വാസത്തെയും ആചാരാനുഷ്ഠാനങ്ങളെയും ജീവവായു പോലെയാണ് കരുതുന്നത്. അധികാരത്തിന്റെ തള്ളലിൽ ഇത് മറന്നുപോകുന്നവർക്ക് അതിന്റേതായ തിരിച്ചടി ഉണ്ടാകുമെന്ന കാര്യം ഉറപ്പാണ്.

എൻ.എസ്.എസ്സിനെതിരെയുള്ള ഇത്തരം വിമർശനങ്ങളെ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയുന്നു.

പെരുന്ന
22.3.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി